**File No.PAN/11566/2021-C7(DP)**

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.
(ഹാജർ-എച്ച്. ദിനേശൻ ഐഎഎസ്)

വിഷയം: പഞ്ചായത്ത് വകുപ്പ്:-വിവരാവകാശ നിയമം 2005-അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ നിയമിച്ച് -ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം: 1. 30.10.2006-ലെ 77000/ സി ഡി എൻ 5/06/ പൊ.ഭ.വ നമ്പർ സർക്കുലർ

2 ഈ കാര്യാലയത്തിലെ 02.05.2006 ലെ ജി 3-31091/2005 നമ്പർ ഉത്തരവ്

3 ഈ കാര്യാലയത്തിലെ 17.07.2017 ലെ സി7-17705/2017-ാം നമ്പർ ഉത്തരവ്

<u>ഉത്തരവ് നമ്പർ: PAN/11566/2021-C7(DP) തീയതി :30/09/2021</u>

2005-ലെ കേന്ദ്ര വിവരാവകാശ നിയമത്തിന് അനുസൃതമായി ഓരോ പബ്ലിക് അതോറിറ്റിയും ഒരു സ്റ്റേറ്റ് പബ്ലിക് ഇൻഫർഷൻ ഓഫീസറെയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും നിയമിക്കേണ്ടതുണ്ട്. പഞ്ചായത്തുവകുപ്പിലെ ഓരോ ആഫീസും ഓരോ പബ്ലിക് അതോറിറ്റിയായി കണക്കാക്കി ഓരോ തലത്തിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് ആതോറിറ്റി എന്നിവരെയും നിയമിക്കണമെന്ന് സർക്കാറിന്റെ 10.10.2005 ലെ ജി.ഒ(പി) നമ്പർ 367/05/ജിഎഡി പ്രകാരം ഉത്തരവായിരുന്നു .

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ പരാമർശം (2), (3) എന്നിവ പ്രകാരം ഒന്നാം അപ്പീൽ അധികാരികളെയും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളും അപ്പീലുകളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ കാര്യക്ഷമമായി സേവനങ്ങൾ യഥാസമയം പ്രധാനം ചെയ്യുന്നതിന്റെ ഭാഗമായും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് മറുപടി നല്കുന്നതിന് നിലവിലെ ക്രമീകരണങ്ങളിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ 2005-ലെ വിവരാവകാശ നിയമം അനുശാസിക്കും പ്രകാരം ചുവടെ ചേർക്കുന്ന വിധം ജില്ലാതല ആഫീസുകളിലും,പെർഫോൻസ് ഓഡിറ്റ് യൂണിറ്റുകളിലും, ഗ്രാമപഞ്ചായത്തുകളിലും സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും

സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരേയും അപ്പീൽ അധികാരിയെയും നിയമിച്ച് ഉത്തരവാകുന്നു

| **കാര്യാലയത്തിന്റെ പേര്** | **സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ** | **സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|---|
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് | സീനിയർ സൂപ്രണ്ട് | ജൂനിയർ സൂപ്രണ്ട് | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർ ആഫീസ് | ജൂനിയർ സൂപ്രണ്ട് | സീനിയർ ക്ലാർക്ക് | പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർ |
| പെർഫോൻസ് ഓഡിറ്റ് യൂണിറ്റ്. | ജൂനിയർ സൂപ്രണ്ട് | സീനിയർ ക്ലാർക്ക് | പെർഫോൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ |
| ഗ്രാമപഞ്ചായത്ത് ആഫീസുകൾ | ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് | അക്കൗണ്ടന്റ് | പെർഫോൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ. |

ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തസ്തിക നിലവിലില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചുമതല നൽകേണ്ടതാണ്.

നിലവിൽ പെർഫോൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ഇല്ലാത്ത പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളിൽ സൂപ്പർവൈസറുടെ ചുമതല വഹിക്കാത്ത ജൂനിയർ സൂപ്രണ്ടിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചുമതല നൽകേണ്ടതാണ്.

മേൽ നിർദ്ദേശ പ്രകാരം ഉദ്യാഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനും, വിവരാവകാശ നിയമം 2005 അനുശാസിക്കും പ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഓഫീസ് മേലധികാരി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**H. DINESHAN IAS**
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
4. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം)
5. കരുതൽ / അധികം

Signature valid

Digitally signed by
DINESHAN IAS
Date: 2 .09.3 :33:19
PDT
Reason: A ed